**രജിസ്റ്റേർഡ് (എഡി സഹിതം)**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**DHS/24623/2025-EA4** തീയതി. **20-01-2026**

**കാരണം കാണിക്കൽ നോട്ടീസ്**

വിഷയം: ആരോഗ്യവകുപ്പ്-ഡോ മേരി സീലിയ എ എൻ (**Dr Mary Ceeliya A N PEN 826243**), അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: **1. DMOH-ALP/7508/2025-A1** തീയതി **26.10.2025**

**2 DHS/4942/2023-EB3** തീയതി **17.08.2023**

**3.** ഡോ മേരി സീലിയ എ എൻ സമർപ്പിച്ച അപേക്ഷ തീയതി **20.09.2025**

**4. GE04/C/1073159/M-2795/DNo 00745** തീയതി **02.01.2025**

**5.** ഉത്തരവ് നം ഇഎ2- **30/2023/**ആവഡ തീയതി **14.11.2023**

ഡോ മേരി സീലിയ എ എൻ (**Dr Mary Ceeliya A N PEN 826243**)എന്ന താങ്കൾ ആലപ്പുഴ ചമ്പക്കുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ **01.02.2022** മുതൽ **31.01.2027** വരെ **5** വർഷത്തേയ്ക്ക് കെഎസ്ആർ ഭാഗം **1** അപ്പന്റിക്സ് **XII C** പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. അവധി ആരംഭിക്കേണ്ട തീയതിയ്ക്ക് മൂന്ന് മാസം മുൻപ് അവധിയ്ക്കു അപേക്ഷ സമർപ്പിക്കണമെന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതിരുന്നതിനാലും അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലും ടി അവധി അപേക്ഷ നിരസിച്ച് പരാമർശം (2) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. തിരികെ സേവനത്തിൽ പ്രവേശിക്കണമെന്ന അപേക്ഷ

പരിഗണിച്ച് കാസർഗോഡ് മംഗൽപാടി താലൂക്കാശുപത്രിയിലേയ്ക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് താങ്കൾ റിപ്പോർട്ട് ചെയ്തിരുന്നില്ല. **01.02.2022** തീയതി മുതൽ താങ്കൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (3) പ്രകാരം തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് താങ്കൾ അപേക്ഷ വിശദമായി പരിശോധിച്ചു. **30.01.2018** തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. അനധികൃതമായി ഹാജരില്ലായ്മയിൽ തുടർന്നതിനെ ന്യായീകരിക്കുന്നതിനാവശ്യമായ കാരണങ്ങൾ ബോധിപ്പിക്കുന്നതിന് താങ്കൾക്ക് കഴിഞ്ഞിട്ടില്ല. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയാത്തതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 20-01-2026 18:54:03

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Mary Ceeliya A N,**

**Arackal House, Kalavoor PO, Kattoor, Alappuzha**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ

തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
ആലപ്പുഴ.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
സാമൂഹികാരോഗ്യ കേന്ദ്രം ചമ്പക്കുളം ആലപ്പുഴ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ